ഇതിനുംപുറമെ ഈ ബഡ്ജറ്റിൽത്തന്നെ ഇപ്പോൾ ക്ര കോടി രൂപയാ ണു് ഇതിൽനിന്നും ആകെയുള്ള വരവു് പ്രതീക്ഷിക്കുന്നതു്. അതുതന്നെ ഒന്നര ണ്ടു പ്രത്യേക ഐറ്റങ്ങൾകൂടി ചേർത്തിട്ടാണു്. ഈ കൊല്ലത്തെ ബഡ്ജറ്റിൽ ഹാർബറിൽനിന്നും ന്യ ന്യ ലക്ഷം രൂപാ വരവു ചേർത്തിട്ടുണ്ടു്. ഈ വരവു് ഇ ൻറിഗ്രേഷനു മുമ്പുള്ള നമ്മുടെ വരവുകൂടി ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളി ച്ചതുപോലെയാണു്. ക്രടാതെ, റയിൽവേയിലും വ ൦ ലക്ഷം രൂപാ ഇക്കൊല്ല ത്തേക്കു് പ്രത്യേകമായ വരവായി കൊള്ളിച്ചിട്ടുണ്ടു്. ഇതും ഇൻറിഗ്രേഷനമു ന്പു് ഈ സംസ്ഥാനത്തേക്കു് കിട്ടാനുള്ള വരവാണു്. ഈ രണ്ടിനത്തിൽ ഒരു പൈസപോലും അടുത്തകൊല്ലത്തെ ബഡ്ജറ്റിൽ ചേർക്കാൻ നിവൃത്തിയില്ല. ഇ തിനുംപുറമെ ഇൻകംടാക്സു് ഇനത്തിൽ ഇക്കൊല്ലം ൪൦ ലക്ഷം രൂപാ നമുക്കു് പ്ര ത്യേകമായി കിട്ടാനുണ്ടു്. ഈ മൂന്നു ഐറ്റങ്ങളിൽകൂടി എകദേശം ക്രന ൦ ലക്ഷം രൂപയോളം ഈയാണ്ടിൽ ലഭിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു എങ്കിലും അ ടുത്തകൊല്ലം ഈ വരവു് നമുക്കു ലഭിക്കുന്നതല്ല. ഇതെല്ലാം മാറ്റിയാൽ അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

കൊല്ലം നമുക്ക് ലഭിക്കുന്ന ആകെ വരവ് ഏകദേശം പന്ത്രണ്ടേകാൽ കോടി രൂപാ മാത്രമായിരിക്കും. എന്റെ മാന്യ സ്നേഹിതന്മാർ ഈ സംഗതി നല്ലവണ്ണം മനസ്സിലാക്കിയിരിക്കുമെന്നു് വിശ്വസിക്കുന്നു.

നേഷൻ ബിൽഡിംഗ് ആക്ടിവിറ്റീസ് എല്ലാ സ്ഥലത്തും ഉണ്ടായിരിക്കണമെന്നു് എല്ലാവരും പറയുന്നുണ്ടു്. എല്ലാ സ്ഥലത്തും ധാരാളം റോഡുകളും ആശുപത്രികളും വിദ്യാഭ്യാസ സൗകര്യങ്ങളും മറ്റും വേണമെന്നു് ജനങ്ങൾ മുറവിളികൂട്ടുന്നു. ഇവയ്ക്കെല്ലാം ന്യായമായ വരവിനങ്ങൾ ഇല്ലാതെ എത്ര ഗവണ്മെണ്ടു് വന്നാലുംശരി പണം ചെലവാക്കുവാൻ സാദ്ധ്യമല്ലെന്നു് പ്രത്യക്ഷമാണല്ലോ.

പുകയിലക്ക സെയിൽസ്ടാക്സ് ഏർപ്പെടുത്തുന്നതുകൊണ്ടു് എങ്ങനെയാണു് വില വർദ്ധിക്കുന്നതെന്നു് മനസ്സിലാകുന്നില്ല. ഇതിനുംമുമ്പു് ഡ്യൂട്ടി ഉണ്ടായിരുന്ന സ്ഥാനത്തു് സെയിൽസ്ടാക്സ് വയ്ക്കുന്നു എന്നേയുള്ളൂ. ഇവിടെ ആകെ രണ്ടു കോടി രൂപയുടെ പുകയില, എല്ലാ സാധാനങ്ങളും ഉൾപ്പെടെ, ഇറക്കുമതി ചെയ്യുന്നുണ്ടു്. അതിൽനിന്നും ഇതുവരെ ഇരു ലക്ഷം രൂപയുടെ ഡ്യൂട്ടിയാണു് ഈ ഗവണ്മെണ്ടിനു് ലഭിച്ചുകൊണ്ടിരുന്നതു. ആ സ്ഥാനത്തു് 8 അണ വീതം സെയിൽസ്ടാക്സ് ഏർപ്പെടുത്തിയാൽ ഏകദേശം 8 ലക്ഷം രൂപ മാത്രമേ കിട്ടുന്നുള്ളൂ എന്നു കാണാൻ കഴിയും.

Sri. K. Sivarama Pillai: What about the tax at three points?

ശ്രീ. എ. ജെ. ജാൺ: ഇതിനുംപുറമേ ലൈസൻസിംഗ് സിസ്റ്റംകൊണ്ടു് 2 8 ലക്ഷം രൂപാ കൂടി കിട്ടുമായിരിക്കാം. സൂക്ഷ്മമായ തുക ഇക്കൊല്ലം അവസാനം മാത്രമേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. ശിവരാമപിള്ള പറഞ്ഞതുപോലെ ഇപ്പോൾ പുകയിലയിൽനിന്നും രണ്ടു പായൽറിൽകൂടി സെയിൽസ്ടാക്സ് കിട്ടുന്നുണ്ടു്. എ. ലൈസൻസുകാർ ബി. ലൈസൻസുകാക്ക വിൽക്കുമ്പോഴും ബി. ലൈസൻസുകാർ സി ലൈസൻസുകാക്ക വിൽക്കുമ്പോഴും സെയിൽസ്ടാക്സ് ഈടാക്കുന്നുണ്ടു്.

Sri. K. Sivarama Pillai: What about the 'c' licensee?

ശ്രീ. എ. ജെ. ജാൺ: സി. ലൈസൻസുകാർ നടത്തുന്ന വില്പനയിൽ എല്ലായ്പോഴും സെയിൽസ്ടാക്സ് കിട്ടുകയില്ല. ടേൺഓവർ 2 0,0 0 0 രൂപയിൽ കൂടുതൽ വില്പനയുള്ള സി. ലൈസൻസുകാർ മാത്രമേ സെയിൽസ്ടാക്സ് ഈടാക്കുന്നുള്ളൂ. ഈ രണ്ടു പായിൻറുകളിൽകൂടി സെയിൽസ്ടാക്സ് ഈടാക്കുന്നതുകൂടി പരിഗണിക്കുകയാണെങ്കിൽ രൂപയ്ക്കു് നാലര അണ വരും. എന്നാൽ ഈ നിയമം നടപ്പിൽ വരുമ്പോൾ അര അണ കൂടി സെയിൽസ്ടാക്സ് ഈടാക്കണമോ എന്ന കാര്യത്തെപ്പറ്റി ഈ ഗവണ്മെണ്ടു് അനുഭാവപൂർവ്വം ആലോചിക്കുന്നതാണു്. നിലവിലുള്ള നിയമം 11-ാം വകുപ്പനുസരിച്ചു് അങ്ങനെയുള്ള ഭേദഗതികൾ ചെയ്യുവാൻ ഗവണ്മെണ്ടിനു് അധികാരമുണ്ടു്.

ശ്രീ. കെ. പി. നീലകണ്ഠപിള്ള, ഗവണ്മെണ്ടു് യാതൊരുത്തരവാദിത്വവുമില്ലാതെ പണം ധൂർത്തടിക്കുവാൻവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലാണു് ഇതെന്നു പറയുകയുണ്ടായി. അദ്ദേഹം അങ്ങനെ പറഞ്ഞതിൽ യാതൊരത്ഭുതവുമില്ല. എന്നാൽ ഈ ഗവണ്മെണ്ടിന്റെ നയം അതല്ലന്നു പ്രഖ്യാപിക്കുവാൻ ഈയവസരത്തിൽ ഞാൻ ആഗ്രഹിക്കുന്നു. ഗവണ്മെണ്ടു് കാര്യങ്ങൾക്കു് യാതൊരു വിഘാതവും നേരിടാതിരിക്കത്തക്കവണ്ണം വേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെണ്ടിന്റെ ധനസ്ഥിതിക്കു് യാതൊരു കുഴപ്പവും വന്നിട്ടില്ലെന്നും ഏറ്റവും ഭദ്രമായ ഒരു ധനസ്ഥിതിയാണു് ഇപ്പോൾ ഗവൺമെണ്ടിനുള്ളതെന്നും ഞാൻ ശ്രീ. കെ. പി. നിലകണ്ഠപിള്ളയെ അറിയിച്ചുകൊള്ളട്ടെ. അതിനാൽ ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

Mr. Speaker: The amendment moved is that 'clause 2 be deleted'

The amendment was put and lost.

Sri. P. K. Kumaran Asari: Sir, I move the following amendment. In clause 2 omit the word "beedies". Then clause 2 (*ii*) will be as follows. "tobacco shall include snuff, cigars, cigarettes, tobacco powder and other preparations or admixtures of tobacco".

സർ, ഈ വകുപ്പിൽനിന്നും ബീഡിയെ ഒഴിവാക്കണമെന്നുള്ള ഭേദഗതിയാണു് ഞാൻ അവതരിപ്പിക്കുന്നതു്. ഈ സംസ്ഥാനത്തുള്ള ജനവിഭാഗത്തിൽ ഏതാണ്ടു് 60 ശതമാനത്തിലധികം ആളുകളും ബീഡി ഉപയോഗിക്കുന്നവർ ആണു്. ആയിരക്കണക്കിനു് തൊഴിലാളികൾ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുമുണ്ടു്. ഈവിധത്തിലുള്ള ടക്ലേഷൻ ബീഡിക്കുകൂടി ഏർപ്പെടുത്തുകയാണെങ്കിൽ ബീഡി ഉപയോഗിക്കുന്നവർക്കും ബീഡിത്തൊഴിലാളികൾക്കും വളരെ ക്ലേശങ്ങളും കുഴപ്പങ്ങളും ഉണ്ടാകുമെന്നുള്ളതിനു് സംശയമില്ല.

ഫ്രഫ ർ–ലെ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ ഭരണറിപ്പോർട്ടു് വായിച്ചുനോക്കുന്നപക്ഷം ബീഡി ഉപയോഗിക്കാത്തവരേയും കുട്ടികളേയും നീക്കിയാൽ ബാക്കി ഏകദേശം മൂന്നിൽ രണ്ടു വിഭാഗം ജനങ്ങൾ ഏതെങ്കിലും തരത്തിലുള്ള പുകയില ഉപയോഗിച്ചുകൊണ്ടിരിക്കുന്നവരാണെന്നു് പറഞ്ഞിരിക്കുന്നതായി കാണാം. ഫ്രഫ ന–ൽ ഒരാൾ ഫ. ഭ റാത്തലും ഫ്രഫ ർ–ൽ ഒരാൾ ഫ. ന റാത്തലും പുകയില ശരാശരി ഉപയോഗിച്ചുകൊണ്ടിരുന്നു എന്നും ആ റിപ്പോർട്ടിൽ കാണുന്നു. ഈ കണക്കനുസരിച്ചു് ഏകദേശം എണ്ണായിരം ടൺ പുകയില ഇവിടെ വരുത്തുന്നുണ്ടെന്നും അതിനു് രണ്ടുകോടി രൂപയോളം ചെലവു വരുന്നുണ്ടെന്നും കാണുന്നു. ആ നിലക്കു് ഇത്രയധികം ആളുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഈ പുകയിലക്കു് വീണ്ടും നികുതി ചുമത്തുന്നതു് ശരിക്കല്ലും നീതീകരിക്കത്തക്കതല്ല.

ഇപ്പോൾ പുകയിലക്കു് രണ്ടു പ്രാവിശ്യം സെയിൽസ്ടാക്സ് ഈടാക്കുന്നുണ്ടു്. കൂടാതെ ഈ നിയമപ്രകാരമുള്ള സെയിൽസ്ടാക്സ് കൂടി ഈടാക്കുമ്പോൾ ബീഡി ഉപയോഗിക്കുന്ന സാധുജനങ്ങൾക്കു് എത്രമാത്രം ക്ലേശങ്ങളും വിഷമങ്ങളും ഉണ്ടാകുമെന്നുള്ളതു് നാം ഓർമ്മിക്കേണ്ട സംഗതിയാണു്. ബീഡി ഈ രാജ്യത്തുണ്ടാകുന്നതല്ലെന്നും അന്യ നാട്ടിൽനിന്നും ഇവിടെ വരുത്തുകയാണെന്നും നമുക്കറിയാം. വളരെക്കാലത്തിനുമുമ്പുതന്നെ ഇതിനു് ചുങ്കം ഏർപ്പെടുത്തിയിരുന്നു. സംയോജനത്തിനുശേഷം ചുങ്കം ഏർപ്പാടു നിറുത്തി. പകരം ലേലം ചെയ്യുന്ന സമ്പ്രദായം നടപ്പിൽ വരുത്തി. മുമ്പു് ഈ പ്രശ്നം ഈ സഭയിൽവന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് പുകയില ലേലംചെയ്യുകൊടുക്കുന്നതുകൊണ്ടു് പുകയിലയുടെ വില ഒരുവിധത്തിലും കൂടുകയില്ലെന്നാണു്. പക്ഷെ പെട്ടെന്നു് പുകയിലയുടെ വില വർദ്ധിക്കുകയാണുണ്ടായതു്. ലേലസമ്പ്രദായം നിറുത്തിയപ്പോൾ പുകയിലയുടെ വില അല്പം ഇടിയുകയുണ്ടായി. ഇനി ഈ ആക്റ്റുകൂടി പാസ്സായി കഴിഞ്ഞാൽ ഇന്നുള്ള വിലയ്ക്കുംപുറമെ രൂപയ്ക്കു നാലണവച്ചുള്ള സെയിൽസ്ടാക്സ്കൂടി ഈടാക്കിക്കൊണ്ടുമാത്രമേ ഏതെങ്കിലും കടക്കാരൻ പുകയില വില്ക്കുകയുള്ളു. സർ, ഒരാൾ ഒരു കടയിൽ

LIBRARY ARCHIVES Kerala Legislative Assembly

[Sri P. K. Kumaran Asari]

നിന്നും ഒരു രൂപാവിലയുള്ള പുകയില വാങ്ങുമ്പോൾ കടക്കാരൻ കൊടുക്കുന്ന കാഷ് ബില്ലിൽ പുകയിലയ്ക്ക് ഒരു രൂപാ എന്നു എഴുതിയിരിക്കും. അതിന്റെ അടിയിൽ സെയിൽസ് ടാക്സ് ര അണ എന്നും ആകെ വില ഒന്നേകാൽ രൂപാ എന്നും എഴുതിയിരിക്കും. അപ്പോൾ ആ ഉപഭോക്താവിനു പുകയിലയ്ക്ക് ഒന്നേകാൽ രൂപാ കൊടുക്കേണ്ടിവരുമ്പോൾ കാഷ് ബില്ലിൽ പുകയിലയ്ക്ക് ഒരു രൂപാ എന്നു എഴുതിയിരിക്കുന്നതിൽനിന്ന് പുകയിലയുടെ വില കൂടുന്നില്ല എന്നു മിസ്റ്റർ ബാലകൃഷ്ണൻ തമ്പി പറഞ്ഞതു് അദ്ദേഹത്തിന്റെ disparity of intelect പ്രയോഗിച്ചിട്ടാണെന്നു എനിക്ക് എത്രകണ്ടു ആലോചിച്ചിട്ടും മനസ്സിലാക്കുന്നതിനു സാധിച്ചില്ല. ഇന്നു് ഒരു രൂപാ വിലക്കുള്ള പുകയിലയ്ക്ക്. അപ്പോൾ ഒന്നേകാൽ രൂപാ വിലവരും. ഈ ആക്ട് പാസ്സായാൽ പുകയിലയുടെ വില വർദ്ധിക്കുന്നതല്ലെന്നു് ബഹുമാനപ്പെട്ട മന്ത്രി എത്രകൊണ്ടു പറഞ്ഞു എന്നു് എനിക്കു മനസ്സിലാകുന്നില്ല. ഞാൻ മനസ്സിലാക്കുന്നതു് വില കൂടുമെന്നാണു്. ആ നിലയിൽ നോക്കുമ്പോൾ ബീഡിയുടെ വില ഇന്നത്തേതിലും വർദ്ധിക്കും. നാം ഇങ്ങനെയുള്ള നികുതികൾ കൂട്ടി സാധാരണക്കാരേയും ഇവിടെയുള്ള ജനങ്ങളേയും ഞെക്കിപ്പിഴിയാൻ തുടങ്ങുന്ന അവസരത്തിൽ അവരുടെ സാമ്പത്തിക സ്ഥിതിയെക്കൂടി അഭിവൃദ്ധിപ്പെടുത്തുവാൻകൂടി വല്ലതും ചെയ്യേണ്ടതാണു്. അതിലേക്കു് കടിൽ വ്യവസായ പദ്ധതികളും മറ്റു പല പദ്ധതികളുമുണ്ടു്. പക്ഷെ ഇവിടെ അതു് എല്ലാം കടലാസ്സിൽ കിടക്കുകയാണു്. ജനങ്ങളുടെ സാമ്പത്തിക സ്ഥിതി അഭിവൃദ്ധിപ്പെടുത്താതെ നികുതി ചുമത്തുന്നതിനെപ്പറ്റി നമ്മുടെ മന്ത്രിക്കു് എന്തു സമാധാനമാണു് പറയാനുള്ളതെന്നു് അറിഞ്ഞാൽ കൊള്ളാമായിരുന്നു. പ്രായോഗികമായ എന്തെങ്കിലും പദ്ധതികൾ ഏർപ്പെടുത്തി അവരുടെ വരവു് വർദ്ധിപ്പിച്ചതിനുശേഷം അവരെ ചൂഷണം ചെയ്യുന്നതിൽ വിരോധമില്ല. അതിലേക്കു് ഗവണ്മെണ്ടിനു് സുനിശ്ചിതമായ ഒരു പദ്ധതിയുമില്ല.

ഏതു രാജ്യത്തുള്ള ആക്ട് പരിശോധിച്ചാലും പുകയിലയെ രണ്ടു തരത്തിൽ വിഭജിച്ചിട്ടുള്ളതായി കാണാം. സുഖഭോഗസാധനമായിട്ടും സാമാന്യജനങ്ങളുടെ സാധാരണ ഉപയോഗത്തിനുള്ള സാധനമായിട്ടും. ബീഡി ഇതിൽ രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ടതു്. മാത്രമല്ല, ഈ രാജ്യത്തെ ഒരു നല്ല കുടിൽവ്യവസായം കൂടിയാണു് അതു്. നാം എവിടെ ചെന്നുനോക്കിയാലും അനവധി ജനങ്ങൾ ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാം. ഈ പട്ടണത്തിൽ തന്നെ ആയിരക്കണക്കിനുള്ള ബീഡിത്തൊഴിലാളികൾ ഉണ്ടു്. അവരുടെ നെഞ്ചത്തടിക്കുന്ന ഒരു നിയമമാണു് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതു്. ബീഡി ഒരു സുഖഭോഗസാധനമായി ഗണിച്ചുകൂടെന്നു് ഇൻഡ്യാഗവണ്മെണ്ടിന്റെ ഫൻർന ടുബാക്കോ എക്സൈസ് ഡ്യൂട്ടി ആക്ടിലും മദ്രാസിലെ ജനറൽ സെയിൽസ്ടാക്സ് ആക്ടിലും പറഞ്ഞിട്ടുണ്ടു്. ഗവണ്മെണ്ടു് ഓഫ് ഇൻഡ്യാ ടുബാക്കോ എക്സൈസു് ഡ്യൂട്ടി ആക്ടിൽ "manufactures" means 'the preparations of cigarettes, cigars, cheroots, bidis, cigarette or pipe or hookah tobacco, chewing tobacco, or snuff എന്നും ഫൻന ൻ-ലെ Madras Tobacco (Taxation of Sales and Licensing Act-ൽ "manufactured tobacco" means cigars, cheroots, cigarettes, cigarette tobacco, pipe tobacco and snuff എന്നും വിവരിച്ചിരിക്കുന്നു. ഇവിടെ രണ്ടിടത്തും ബീഡിക്കു് നികുതി ചുമത്തിയിട്ടില്ല. ഈ സംസ്ഥാനത്തുമാത്രമേ നികുതി ചുമത്തിയിട്ടുള്ളൂ. അതുകൊണ്ടു് സെയിൽസ്ടാക്സ് ഈടാക്കുന്നതിൽ നിന്നും ബീഡിയെ ഒഴിവാക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി ബീഡി ഒരു വ്യവസായമായി ഇവിടെ നടത്തുന്ന കാര്യത്തെപ്പറ്റിയാണ് എനിക്കു പറയുവാനുള്ളത്. ഈ വ്യവസായം പുരോഗമിക്കണമെങ്കിൽ മൂന്നു കാര്യങ്ങൾ നിവൃത്തിച്ചിരിക്കണം. ഒന്നാമത്, കുറഞ്ഞവിലയ്ക്കു ബീഡി വില്ക്കത്തക്കവണ്ണം ചുക്കാ നമുക്കു ലഭിക്കണം. രണ്ടാമത്, അതിനുള്ള ഡിമാൻറ് കൂടുതലുണ്ടായിരിക്കണം. മൂന്നാമത്, വെളിയിൽനിന്നും വരുന്നതിനേക്കാൾ നല്ല ബീഡി ഇവിടെ ഉണ്ടാക്കുവാൻ സാധിക്കണം. ഇതു മൂന്നും നിവൃത്തിക്കണമെങ്കിൽ വില കുറഞ്ഞിരിക്കണമെന്നുള്ളത് പ്രത്യക്ഷമാണല്ലൊ. വില കൂടിയാൽ ഡിമാൻറ് കുറയുമെന്നുള്ളതിനു സംശയമില്ല. അതിനാൽ ബീഡി പുകയിലയ്ക്കു സെയിൽസ്ടാക്സ് ചുമത്തുന്നപക്ഷം ഈ വ്യവസായം മന്ദീഭവിക്കുകയേയുള്ളൂ. ഇവിടെയുള്ള ചുക്കായ്ക്കു സെയിൽസ്ടാക്സ് ചുമത്തുന്നില്ല, പുറമെനിന്നു വരുത്തുന്നതിനുമാത്രമെ സെയിൽസ്ടാക്സ് ചുമത്തുന്നുള്ളൂ എന്നാണു പറയുന്നതെങ്കിൽ, അതും ശരിയല്ല. എന്തെന്നാൽ വെളിയൽനിന്നും കുറഞ്ഞവിലയ്ക്കു ചുക്കാ ഇവിടെ വരാൻ അതു പ്രതിബന്ധമുണ്ടാക്കും.

ബീഡിയുടെ ഉപയോഗം കുറയ്ക്കരുതേ എന്നു ചോദിച്ചേക്കാം. മിക്കവാറും തൊഴിലാളികളാണു ബീഡി അധികമായി ഉപയോഗിക്കുന്നത്. ബീഡി ഉപയോഗിക്കേണ്ടതായ ഒരാൾ ബീഡി ഉപയോഗിക്കാതിരിക്കുന്നപക്ഷം അയാളുടെ ജോലി ശരിക്കു നടക്കുകയില്ല. സിഗററ് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ മന്ത്രിമാർതന്നെ അതു ഉപയോഗിക്കാതിരുന്നാൽ അവരുടെ ജോലി ശരിക്കു നടത്തുന്നതിനു സാധിക്കുന്നില്ലെന്നു അനുഭവത്തിൽനിന്നുമറിയാമല്ലൊ. തൊഴിലാളികളുടെ ദൈനംദിന ജീവിതത്തിൽ ആവശ്യമായിത്തീർന്നിരിക്കുന്ന ഒന്നാണു ബീഡി. അതു അത്യാവശ്യമായ ഈ സാധനത്തിനു സെയിൽസ്ടാക്സ് ഏർപ്പെടുത്തുന്നതു അവരോടുചെയ്യുന്ന ഒരു ദ്രോഹംകൂടിയാണ്. അതു ബീഡിയുടെ ഡിമാൻറിനെ കുറയ്ക്കും. ഡിമാൻറ് കുറയുമ്പോൾ ബീഡിയുടെ ആവശ്യവും കുറയും. ആ അവസരത്തിൽ ബീഡി അധികമായി ഉല്പാദിപ്പിക്കേണ്ടാ എന്നു വരും. ഇതു ഒടുവിൽ തൊഴിൽക്കുഴപ്പത്തിനു ഇടവരുത്തും. ഈ രൂപത്തിൽ ഈ നിയമം പാസ്സാക്കുന്നപക്ഷം ഇവിടത്തെ ഗവണ്മെണ്ടും ഇവിടത്തെ ജനങ്ങളും തമ്മിലുള്ള അടുപ്പം ക്രമേണ മാറിമാറി പോകുമെന്നുള്ളതു തീർച്ചയാണ്. ഇതു് ഒരു സബ്സ്ക്രിപ്ഷൻ ആണെന്നു കരുതിയാൽമതിയെന്നു ശ്രീ. അയ്യപ്പൻ പറഞ്ഞു. പക്ഷെ ഇവിടെയുള്ള ജനങ്ങൾ അങ്ങനെ കരുതാൻ പോകുന്നില്ല. അതുകൊണ്ടു് ഇവിടത്തെ സാധുജനങ്ങളുടെ ഉപയോഗത്തെക്കരുതിയും ബീഡിത്തൊഴിലാളികളുടെ സംരക്ഷണത്തെക്കരുതിയും ഈ വകുപ്പിൽനിന്നും ബീഡിയെ ഒഴിവാക്കേണ്ടതാണ്.

ശ്രീ: എ. ജെ. ജാൺ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ശ്രീ. കുമാരൻ ആശാരി തിരുവിതാംകൂറിലുള്ള എല്ലാ ജനങ്ങളുടെയും പ്രാതിനിധ്യം വഹിച്ചുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിച്ചതെന്നു അദ്ദേഹത്തിൻറെ പ്രസംഗത്തിൽനിന്നും മനസിലാകുന്നു. അദ്ദേഹം ഇപ്പോൾ ആവശ്യപ്പെടുന്നതു്, ഈ ക്ലാസിൽനിന്നും 'ബീഡി' എന്നുള്ളതു എടുത്തുകളയണമെന്നാണ്. അദ്ദേഹം നല്ലവണ്ണം ആലോചിച്ചുതന്നെയാണോ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതെന്നു ഞാൻ സംശയിക്കുന്നു.

പുകയിലയുടെ വിവരണങ്ങളിൽ പല സാധനങ്ങളും പറയുന്നുണ്ട്. അതിൽനിന്നും ബീഡിമാത്രം എടുത്താൽ പുറത്തുനിന്നും വരുന്ന ബീഡിയെക്കാൾ ഇവിടത്തെ ബീഡിക്കു് വില കൂടിനിൽക്കും. അതിനാൽ ഈ വകുപ്പിൽനിന്നും 'ബീഡി' എന്നവാക്കു് എടുത്തുകളയുകയാണെങ്കിൽ അന്യസ്ഥലത്തുനിന്നും

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

ധാരാളമായി ബീഡി ഇവിടെ ഇറക്കും. ബീഡിയുടെ വിലയും കുറയും. ഇവിടത്തെ തൊഴിലാളികൾക്ക് അതൊഴിക്കലും ഗുണകരമല്ല. സാധുക്കളായ ബീഡിത്തൊഴിലാളികളെപ്പറ്റി ശ്രീ. കുമാരൻ ആശാരിക്ക് പ്രത്യേകം അനുകമ്പയുണ്ടെങ്കിൽ യാതൊരു ഭേദഗതിയും കൂടാതെതന്നെ ഈ വകുപ്പ് പാസ്സാക്കേണ്ടതാണ്.

ഏകദേശം 8 ഠ ലക്ഷംരൂപയുടെ ബീഡിച്ചുക്കയാണ് ഈ സംസ്ഥാനത്തു വരുത്തുന്നത്. അതിൽനിന്നും ഫവ ലക്ഷം രൂപയോളം മാത്രമെ ഗവൺമെണ്ടിനു കിട്ടുന്നുള്ളു.

Sri. N. Daniel Jose: If beedies are imported, then also they will have to pay this Sales Tax.

ശ്രീ. എ. ജെ. ജാൺ: ചുക്കായ്ക്ക സെയിൽസ്ടാക്സ് കൊടുക്കാതെ ബീഡിതന്നെ ഇവിടെ ഇറക്കുമതി ചെയ്യാൽ നാലണവെച്ചു സെയിൽടാക്സ് കൊടുക്കണം. ഈ വകുപ്പിൽനിന്നും 'ബീഡി' എന്നവാക്ക് എടുത്തു കളഞ്ഞാൽ സെയിൽസ്ടാക്സ് കൊടുക്കേണ്ടാ. ഇപ്പോൾ ഒരു രൂപാ വിലയുള്ള ബീഡിപ്പുകയിലയ്ക്ക ഒന്നേകാൽ രൂപാ വിലവരും. അതുകൊണ്ടു ഉണ്ടാക്കുന്ന ബീഡിക്ക യാതൊരു സെയിൽടാക്സും കൊടുക്കേണ്ടതില്ല. പുറത്തുനിന്നും ബീഡി ഇവിടെ വരാതെ തടയുന്നതിനു ഈ വകുപ്പു ഉപകരിക്കുകയും ചെയ്യും.

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഇവിടെത്തന്നെ ഉണ്ടാക്കുന്ന ബീഡിക്ക് സെയിൽസ്ടാക്സു കൊടുക്കണ്ടാ എന്നാണോ പറയുന്നത്?

ശ്രീ. എ. ജെ. ജാൺ: വേണ്ടാ.

മൻപ് ഡ്യൂട്ടി ഏർപ്പെടുത്തിയിരുന്ന സ്ഥാനത്തു സെയിൽടാക്സു ഏർപ്പെടുത്തുന്നു എന്നു മാത്രമെയുള്ളു. അതുകൊണ്ടു ബീഡി ഉപയോഗിക്കുന്ന ആളുകൾക്ക് യാതൊരു കഴപ്പവു- വരുന്നില്ല. ഒരു പക്ഷെ സല്പം വിലകൂടിപ്പോയി എന്നുതന്നെ വയ്ക്കുക. അതിനു ഒരു ബീഡിയുടെയൊ മറെറാ ഉപയോഗം കുറച്ചാൽമതി. അതുകൊണ്ടു സാധുക്കളുടെപേരിൽ ശ്രീ. കുമാരൻ ആശാരി അവതരിപ്പിച്ച ഈ ഭേദഗതിയെ അവർക്കുവേണ്ടിത്തന്നെ ഞാൻ എതിർക്കുന്നു.

The amendment was put and lost

Sri. Ponnara G. Sreedhar: In clause 2, substitute for (*jj*) the following.—'Tobacco shall include cigars and cigarettes also'.

സർ, വിൽപ്പന നികുതി ബില്ലിനെ സംബന്ധിച്ചിടത്തോളം, "പുകയില" എന്ന പദത്തിന്റെ അർത്ഥവ്യാപ്തിയിൽ സിഗാറും സിഗറട്ടും മാത്രം ഉൾപ്പെടുത്തുകയല്ലാതെ ജാപ്പാണം പുകയില ഉൾപ്പെടുത്താൻ പാടില്ലെന്നാണ് എന്റെ ഭേദഗതികൊണ്ടു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു. സർ, ഇങ്ങനെയാണ് എന്റെ അമെൻഡുമെൻറിൽ പറയുന്നതു. "Tobacco shall include cigars and cigarettes also." സർ, ഏതു സാധനങ്ങളാണോ ധാരാളമായി സാധുക്കൾ വാങ്ങിച്ചു ഉപയോഗിക്കുന്നതു് ആ സാധനങ്ങൾക്ക് വില്പന നികുതികൂട്ടുകയെന്നുള്ളതു് ഗവൺമെണ്ടിന്റെ ഒരു സാധാരണ നടപടിയായിത്തീർന്നിരിക്കുകയാണ്. അതായതു്, ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ട്രഷറി ബഞ്ചിൽ ഇരിക്കുന്നവർ ഒരുതരം ഇൻഫീരിയാറിട്ടി കാംപ്ലക്സാണ് കാണിച്ചുവരുന്നതു.

Mr. Speaker: That does not bear any relation to the amendment. The Hon'ble member is expected to speak on matters relevant to the amendment.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ. ഞാൻ ഈ കാര്യം പറയുന്നതു്, തിരുവിതാംകൂറിലുള്ള എല്ലാവരേയും പ്രതിനിധീകരിച്ചുകൊണ്ടല്ലാ. എങ്കിലും സാധുക്കൾ അധികമായി ഉപയോഗിക്കുന്ന സാധനങ്ങൾക്കു് നികുതിനിശ്ചയിക്കുന്ന കാര്യത്തിൽ ഏതാണ്ടൊരു പ്രിൻസിപ്പിൾ എങ്കിലും വേണ്ടതാണെന്നുമാത്രമേ ഞാൻ അഭിപ്രായപ്പെട്ടുള്ളൂ. നാട്ടിൽ ചില സാധനങ്ങൾ മാത്രം സാധാരണക്കാർ ധാരാളം ഉപയോഗിക്കുന്നുണ്ടു്. ആ സാധനങ്ങൾക്കു് അക്രമമായി നികുതി ചുമത്തുന്നു. അതു ഒരിക്കലും നീതീകരിക്കത്തക്കതല്ല. ഗവൺമെണ്ടിനു് എങ്ങിനെയെങ്കിലും പണമുണ്ടാക്കേണ്ടിയിരിക്കുന്നുവെങ്കിൽ അതിനു പല മാർഗ്ഗങ്ങളുമുണ്ടു്. ഇങ്ങനെയുള്ള കാര്യങ്ങൾ നികുതിചുമത്തിത്തന്നെ ഈടാക്കണമെന്നുണ്ടെങ്കിൽ നാട്ടിൽ ധനവാന്മാരും വൻതരം കച്ചവടക്കാരും ധാരാളമുണ്ടു്, അവർക്കു് കൊടുക്കുവാനുള്ള കഴിവും ഉണ്ടു്. തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള സാധാരണജനങ്ങൾ, അതായതു്, എന്നെപ്പോലെയുള്ളവർ തുടങ്ങി കൂലിവേലക്കാരൻവരെ ജാപ്പാണം പുകയില ഉപയോഗിക്കുന്നവരാണു്. ധനകാര്യമന്ത്രി പ്രസ്താവിക്കയുണ്ടായി, സാധാരണയായിട്ടു് ജാപ്പാണം പുകയില ഉപയോഗിക്കുന്നതു പണക്കാരാണു്, അതുകൊണ്ടാണു് നികുതി കൂട്ടിയതെന്നു്. പണം ഉള്ളവർ നല്ലസാധനങ്ങൾ വാങ്ങിച്ചു് ഉപയോഗിക്കുകയില്ലെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണു്. ബഹുമാനപ്പെട്ട മന്ത്രിക്കു് പക്ഷെ അറിഞ്ഞുകൂടായിരിക്കാം. തിരുവനന്തപുരം താലൂക്കിൽതന്നെ ജാപ്പാണം പുകയില കൂടുതൽ ഉപയോഗിക്കുന്നതു് പണക്കാരാണോ അതോ സാധാരണക്കാരാണോ എന്നുള്ള ഒരു കണക്കെടുത്തു നോക്കിയാൽ നിശ്ചയമായിട്ടും ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം തെറ്റാണെന്നു് തെളിയുന്നതാണു്. സർ, ഒരു പൗണ്ടു ജാപ്പാണം പുകയിലക്കു് രണ്ടര രൂപവിലകൊടുക്കുന്നുണ്ടു്. ഒരു രൂപക്കു് കാൽ അണ വില്പന നികുതികൊടുത്തിട്ടാണു് രണ്ടരരൂപക്കു് പുകയില കിട്ടുന്നതു്. അങ്ങിനെ രണ്ടര രൂപക്കു് പുകയിലകിട്ടുന്നതു് രണ്ടേമുക്കാൽ രൂപയാക്കുമ്പോൾ ഒരു പൗണ്ടിനു് ൪ അണയാണു് നികുതികൊടുക്കേണ്ടതു്. ഒരു വിധത്തിലും നീതീകരിക്കാൻ നിവർത്തിയില്ലാത്ത നികുതിയാണു്, ഇതു്. എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഞാൻ വളരെക്കാലമായി ഈ പുകയില ഉപയോഗിച്ചുവരുന്നു. ഇതു എത്രവില കൂടിയാലും ഉപയോഗിക്കാതിരിക്കാൻ സാധിക്കയുമില്ല. പുകയില ഉപയോഗിക്കുന്നതു്, ഹെൽത്തിനു് ഹാനികരമാണെന്നു് പ്രസ്താവിക്കയുണ്ടായി. എന്നാൽ എന്റെ അൻപതു വയസിനിടയിൽ പുകയില മൂലാന്തിരം എന്റെ ഹെൽത്തിനു് ദോഷമുണ്ടായിട്ടില്ലായെന്നുള്ളതു് എന്റെ അനുഭവമാണു്. അതുപോലെതന്നെ ബീഡി ഉപയോഗിക്കുന്നതും ഹാനികരമാണെന്നു പറയുന്നു. അതിലും ഞാൻ വിശ്വസിക്കുന്നില്ല. ഇന്നു് സാധുക്കളാണു് ബീഡിധാരാളം വാങ്ങി ഉപയോഗിക്കുന്നതു്. അതിനും നികുതികൂട്ടിയിരിക്കയാണു്. എന്നാൽ അതേ സമയത്തു് സാധുക്കൾ ഉപയോഗിക്കാത്തതും വലിയ ആളുകൾ ഉപയോഗിക്കുന്നതുമായ സിഗററിനോ, സിഗാറിനോ നികുതികൂട്ടിയിട്ടുമില്ല. ഇതു് ഒരുവക അനീതിയാണു്. അതുകൊണ്ടു്, പുകയിലക്കും ബീഡിക്കും കൂട്ടിയ നികുതിയെടുത്തു് സിഗറ്റിനും സിഗാറിനും വയ്ക്കുന്നതു് സാധാരണക്കാരുടെ പേരിൽ ഗവൺമെണ്ടു ചെയ്യുന്ന ഉപകാരമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. അതനുസരിച്ചു് ഈ സഭ എന്റെ ഭേദഗതി സ്വീകരിക്കുമെന്നു് വിശ്വസിക്കുന്നു.

ശ്രീ. എ. ജെ. ജാൺ: ശ്രീ. പൊന്നറ അദ്ദേഹത്തിന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് എതു ഉദ്ദേശത്തോടുകൂടിയാണോ ചില വാദമുഖങ്ങൾ ഉന്ന

[Sri. A. J. John]

യിച്ചിട്ടുള്ളതു്, ആ ഉദ്ദേശത്തോടുകൂടിത്തന്നെ ഞാൻ അതിനെ എതിർക്കുന്നു. ജാപ്പാണം പുകയില ഉപയോഗിക്കുന്നതു് അധികവും സാധാരണക്കാരാണെന്നും ആ കാരണത്താലാണു് നികുതിക്കുട്ടിയതെന്നും തന്നിമിത്തം രണ്ടരരൂപക്കു് കിട്ടിക്കൊണ്ടിരുന്ന പുകയിലക്കു് രണ്ടേമുക്കാൽ രൂപകൊടുക്കേണ്ടിവരുന്നതു് വളരെ കഷ്ടമാണെന്നുമാണു് അദ്ദേഹത്തിന്റെ ഒരു വാദമുഖം. എനിക്കു് അതിനു പറയാനുള്ളതെന്തെന്നാൽ, ജാപ്പാണം പുകയിലതന്നെ പല തരത്തിലുണ്ടു്. കുറഞ്ഞ തരത്തിനു് ഒരു പൗണ്ടിനു് ഒന്നേമുക്കാൽരൂപയും കൂടിയതിനു് മൂന്നുരൂപ വിലയുമാണു് നിശ്ചയിച്ചിരിക്കുന്നതു്. ജാപ്പാണം പുകയിലതന്നെ ഉപയോഗിച്ചേ മതിയാവൂ എന്നുള്ളവർക്കു് കുറഞ്ഞതരം പുകയില ഒന്നേമുക്കാൽരൂപക്കു് കിട്ടുന്നതാണു്. അതു ധാരാളം വാങ്ങി ഉപയോഗിക്കയും ചെയ്യാം. നികുതി കൂടുതലായിപ്പോയി, എന്നാണെങ്കിൽ, ഇൻഡ്യയിൽ ഈ സംസ്ഥാനം ഒഴിച്ചു് ബാക്കിയുള്ള സ്ഥലങ്ങളിലെല്ലാം ഒരു പൗണ്ടു പുകയിലയുടെ വിലക്കു പുറമെ ഒരു രൂപ അണ നികുതിക്കുടി കൊടുക്കണം. തിരുവിതാംകൂർ കൊച്ചിയെ സംബന്ധിച്ചിടത്തോളം നാലണമാത്രമേ ഒരു കണ്ടി പുകയിലക്കു് ഡ്യൂട്ടിയായി കൊടുക്കേണ്ടതുള്ളു.

ശ്രീ. എ. തണുപിള്ള: ഇൻഡ്യയിൽ മറ്റുഭാഗങ്ങളിൽ ഇറക്കുമതിചെയ്യുന്ന പുകയില എത്രയാണെന്നും നമ്മുടെ സംസ്ഥാനത്തു ഇറക്കുമതി ചെയ്യുന്നതു എത്രയാണെന്നും ഉള്ളതിലേക്കു് വല്ല കണക്കുകളുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇൻഡ്യയിലെ ഇതരഭാഗങ്ങളെ സംബന്ധിച്ചുള്ള കണക്കുകൾ എന്റെ കൈവശമില്ല. തിരുവിതാംകൂർ കൊച്ചിയിൽ ഒരാണ്ടിൽ ഏകദേശം ഒരു കണ്ടി ഇറക്കുമതി ചെയ്യാൻ അനുവദിച്ചിട്ടുണ്ടു്. ഇതു് പത്തുവർഷത്തേക്കുള്ള സൗജന്യനികുതി അനുവദിച്ചാണു്. ഇതുതന്നെ ഇൻഡ്യാഗവണ്മെണ്ടിലേക്കു് വളരെ ശക്തിയായി എഴുത്തുകുത്തുകൾ നടത്തിയതിന്റെ ഫലമായി കിട്ടിയ ഒരു സൗജന്യമെന്നുവേണം പറയാൻ. ഇൻഡ്യയിലെ ഇതരഭാഗങ്ങളിൽ ഒരു പൗണ്ടിനു് ഒരു രൂപ അണ ഡ്യൂട്ടിയുള്ളതുകൊണ്ടു് ഇറക്കുമതി ചെയ്യാറില്ല. മൻപു് ബാംബയിലും മദ്രാസിലും ഇറക്കുമതി ചെയ്തുകൊണ്ടിരുന്നു. ഇൻഡ്യക്കുവെളിയിൽനിന്നുമുള്ള സാധനങ്ങളുടെ ഇറക്കുമതി തടയണമെന്നുള്ള ഉദ്ദേശം ഇൻഡ്യാഗവണ്മെണ്ടിനുള്ളതുകൊണ്ടാണു് ഡ്യൂട്ടി ഇത്രയധികം വർദ്ധിപ്പിച്ചിരിക്കുന്നതു്. സൗജന്യനിരക്കിൽ ഡ്യൂട്ടികൊടുത്തു ഇറക്കുമതിചെയ്യുന്ന പുകയിലക്കു തുല്യമായ വ്യവസ്ഥ ഒരു പൗണ്ടിനു ഇവിടെ നികുതിവെച്ചിരിക്കുന്നതു് കൂടുതലാണെന്നു് ഗവണ്മെണ്ടു വിചാരിക്കുന്നില്ല. അതുകൊണ്ടു് ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.
The question that Clause 2 stand part of the Bill was put and carried.
Clauses 2 was added to the Bill.

Clause 3

Mr. Speaker: As there are 3 amendments to delete the whole clause, I will ask one of the movers to move the amendment. Mr. Thanu Pillai will move his amendment now.

Sri. A. Thanu Pillai: Sir, I move that clause 3 be deleted.

My main arguments in this connection were advanced when I spoke on the previous amendment. In any case I should like to mention one or two things

LIBRARY ARCHIVES Kerala Legislative Assembly

more. The Finance Minister told us that this is a tax on luxuries enjoyed by the rich. How far he was genuine when he made that statement I do not know. It was quite clear when he opposed Mr. Asari's amendment and Mr. Sreedhar's amendment previously, that he took shelter under the strict word 'beedi'. 'Beedi' may be interpreted to mean as beedi in final form and beedi tobacco. I also understood by the word beedi to mean beedi tobacco. If the Finance Minister is solicitous of the welfare of poor people who use beedi he could easily accept the amendment to omit the word 'beedi' or 'beedi tobacco' if it were there. That would have been the suggestion normally expected from a Government member to help those who use beedies. But he took shelter under some apparent or slight defect in the wording of the amendment, when Mr. Ponnara Sreedhar introduced his amendment.

ശ്രീ. എ. ജെ. ജാൺ: ഈ ബിൽ ആദ്യമായി ഈ സഭയിൽ അവതരിപ്പിച്ച അവസരത്തിൽ ഇതിന്റെ തത്വത്തെ സഭ അംഗീകരിക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട മെംബർ മി. താണുപിള്ളയുടെ അമൻഡുമെൻറ് സ്വീകരിക്കുന്നതു ഈ തത്വത്തിനു വിപരീതമായിരിക്കും. പുകയിലയ്ക്ക് ര അണ ടാക്സാണ് വച്ചിരിക്കുന്നതു്. അതെടുത്തുകളയണമെന്നു പറയുന്നതും ഈ ബില്ല് സ്വീകരിക്കരുതെന്നുപറയുന്നതും ഒന്നു പോലെയാണ്. മേയ്സ് പാർലിമെൻറി പ്രാക്ടീസിൽ.

"An ammendment is out of order.—

(1) if it is inconsistent with the provisions of the Bill which have already been considered by the House.

(2) if its effect would be to negative the Bill".....

എന്നു പറയുന്നു.

Sri. A. Thanu Pillai: After all it is a small Bill and we least expected by the way in which it was introduced and referred to the Select Committee that this sort of strict technicality would be resorted to.

ശ്രീ. എ. ജെ. ജാൺ: ഈ അമൻഡുമെൻറ സ്വീകരിച്ചാൽ ഈ ബിൽ തള്ളുന്നതിനു് സമമായിരിക്കും.

Sri. A. Thanu Pillai: Any way Sir, he cannot say that this is a thing affecting the rich alone and all that. Just one word Sir, and I will resume my seat. The Minister says that some concessions are granted by the Government of India for the importation of Jaffna tobacco into this State. The people here want Jaffna, tobacco. They do not consume Jaffna tobacco in the North. They use 'Vadakkan pukayila'.

Sir, one another aspect, I want to bring to the notice of of the Finance Minister and it is this. Now this tax is imposed as a sales tax. Is there any means of imposing one-fourth of the value of an article as sales tax? Sales tax means tax on the transaction or turn-over. But here it goes against the very fundamental conception of sales tax by levying 4 annas in the rupee. This is really an excise duty or an import duty. If you have shortage of money tax the rich. When it was a question of super tax my friend, reduced it. When it was 12 annas or 13 annas it was brought down to 8 annas and 9 annas. Let us tnink of taxing the rich and not the poor. With these words I move this amendment for the acceptance of this House.

ശ്രീ. എ. ജെ. ജാൺ: സർ ഞാൻ ഇവിടെ അഭിപ്രായപ്പെട്ടതുപോലെ ഈ മോഷൻ ആർഡറിലല്ല. എതായാലും മി. താണുപിള്ള വേറെ ചില സംഗ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

തികമ പ്രസ്താവിക്കുകയണ്ടായി, അതായതു് ഒരു രൂപയ്ക്കു് നാലണ സെയിൽസ് ടാക്സ് ഈടാക്കുന്നതു് ന്യായീകരിക്കത്തക്കതല്ല എന്നാണു്. ഈ സെയിൽസ്ടാക്സ് ഒരു രൂപയ്ക്കു് ഇത്രയേ ഈടാക്കാവൂ എന്നു നിയമമില്ല. ഇംഗ്ലണ്ടിൽ പുകയിലയ്ക്കു് ൨൫൦ ശതമാനം അതായതു് വിലയ്ക്കു രണ്ടരഇരട്ടിയാണു് ടാക്സു് വച്ചിരിക്കുന്നതു് എന്നാണു് അറിയുന്നതു്. അവിടെ സോഷ്യലിസ്റ്റ് ഗവൺമെണ്ടാണു് ഇതു വച്ചിരിക്കുന്നതു്. അതുകൊണ്ടു് ഇതൊരു വാദമുഖമായി ഉന്നയിക്കാൻ നിവൃത്തിയില്ല. ഈ കാരണങ്ങളാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. സി. സി. പ്രസാദ്: ഇംഗ്ലണ്ടിൽ ഏതു സോഷ്യലിസ്റ്റ് ഗവൺമെണ്ടാണു് ഉള്ളതു്?

ശ്രീ. എ. ജെ. ജാൺ: ഇംഗ്ലണ്ടിലെ ഗവൺമെണ്ടാണു്. അതു് ലേബർ ഗവൺമെണ്ടാണെന്നാണു്.

Mr. Speaker: Amendments No. 6, 10 and 14 (in the list) will be together put to vote, as they are all for deleting clause 3.

The amendmets were put and lost.

Mr. Speaker: There are other amendments which propose to reduce the tax to one anna, half an anna and one-fourth of an anna. Amendment No. 8 by Mr. Kumaran Asari suggests that the word 'two' may be substituted for the word 'four'. That amendment may be moved.

Sri. A. Thanu Pillai: If that amendment is carried will it be open to discuss another amendment to reduce it to half an anna?

Mr. Speaker: If that amendment is rejected other amendments proposing reduction to lesser amounts may become unnessary. But if the amendment is carried the other amendments may become admissable.

Sri. P. K. Kumaran Assari: I move that in clause 3 after (ix) tobacco, omit the word "four" and substitute "two".

പുകയിലയ്ക്കു് രൂപയ്ക്കു് നാലണ വീതം സെയിൽസ്ടാക്സു് ഈടാക്കുന്നതിൽ നിന്നും പുകയിലയുടെ വില കൂടാൻ ഇടയുള്ളതായി ഞാൻ മുമ്പെ പറഞ്ഞു. അതൊടൊപ്പംതന്നെ ബീഡിയുടെയും വില കൂടുന്നതാണെന്നു ഞാൻ പറഞ്ഞപ്പോൾ, അങ്ങനെയാണെങ്കിൽ ബീഡി ഉപയോഗിക്കുന്നവർ ഒരു ബീഡിയെങ്കിലും കുറച്ചു് ഉപയോഗിച്ചാൽ മതിയെന്നാണു് അതിനു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി. അതേ അവസരത്തിൽതന്നെ പുകയിലയ്ക്കു് ഇതിൽനിന്നും വിലകൂട്ടലുണ്ടാകുകയില്ലെന്നും അദ്ദേഹം പറഞ്ഞു. ഇതു രണ്ടുംകൂടി യോജിക്കുന്നില്ല. ഇതിൽനിന്നും നമുക്കു് മനസ്സിലാകുന്നതു് അദ്ദേഹംതന്നെ സമ്മതിക്കുന്നു, പുകയിലയ്ക്കു് വിലകൂടുമെന്നു്. അങ്ങനെയാണെങ്കിൽ നാം കൂടുതൽ വില കൊടുത്തു് പുകയില വാങ്ങിക്കണമെന്നു വരുന്നതാണു്. അതുകൊണ്ടു് ഞാൻ അപേക്ഷിക്കുന്നതു് ഈ നാലണ സെയിൽസ്ടാക്സിനുപകരം രണ്ടണ ഈടാക്കിയാൽ മതിയെന്നാണു്. അതിനാണു് എന്റെ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. സെയിൽസ്ടാക്സു് ബീഡി ഒഴിച്ചുള്ള കാര്യങ്ങൾക്കു ചുമത്തണമെന്നു പറഞ്ഞപ്പോൾ ബീഡിത്തൊഴിലാളികളുടെ ഈ വിഷയത്തിലുള്ള അവശതകളും മുണ്ടിക്കാണിച്ചിട്ടുള്ളതുകൊണ്ടു്, ആ കാര്യത്തിലേക്കു് കടക്കാതെ ഞാൻ ഉപസംഹരിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Sri. D. Gnanasigamoni: Sir, I would like to move amendment No. 5 which is as follows.—

"In clause 3, as against item '(ix) tobacco', enter 'six pies" instead of '4 annas'.

Sri. P. S. Nataraja Pillai: Sir, the Hon'ble Minister has stated before the House that virtually the Indian Government have made an exemption for the West Coast as far as the import of Jaffna tobacco is concerned. When the Government of India imposes a duty of Rs. 6, and Rs. 9 in the pound for other parts, they impose only Rs. 1—9—0 for the Western Coasts. There is a reason behind for that. This concession did not come in after the integration of the States. Even before that, import duty in other parts of India was prohibitive. To protect the tobacco industry in India they prohibited the import of Jaffna tobacco, but at the same time, it was conceded that the people of this coast have become habituated to the use of Jaffna tobacco and it has become a necessity for them. It is not a luxury. It has been a necessity for the people of this coast and as such the Government of India in former days and in the present days have taken a lenient view in the matter of imposing import duty. Some years before, we were importing Bombay salt into Travancore though we were producing salt here. Some people in the State had taken to the habit of using Bombay salt. In the same way the poor of this country have been in the habit of using that particular variety of tobacco known as Jaffna tobacco and it has become a necessity for them. But it is not the time to turn round and say that it is a poor man's luxury. But as a common experience I can say it has become the poor man's indispensable luxury. It may not be necessary to keep the body and soul together, but it has become necessary, cheap luxury with him. Now, Sir, the question of imposing an additional rate of sales tax is advocated on the ground that the import duty is abolished. It is argued the sales tax may be imposed to the extent of import duty. From the figures given by the Finance Minister himself does it agree? He said that the price of tobacco at present is, for the best quality, Rs. 3. But I have today ascertained the Chalai price and knew that it is Rs. 4. What is the duty that we get now? We get only As. 4 in the pound. But we are to realise at the rate of As. 8 in the pound as sales tax. It does not agree with the arguments of the Finance Minister. The Finance Minister was advocating this imposition of Sales tax on the ground that the customs duty has ceased to exist and in the place of customs duty we are introducing this tax. And the tax they propose is As. 4 in a rupee and on actual calculation figures given by the Finance Minister do not agree. For Rs. 300 we were getting as duty on one candy, at the rate of 4 annas in the rupee as sales tax we will now get Rs. 525. By way of licensing also we get another amount. To expect a revenue of Rs. 50 lakhs on this is an under estimate. The Hon'ble Minister was kind enough to give that the income expected from licenses is somewhere about 15 lakhs of rupees. That will be in addition to the Sales tax of Rs. 525 on one candy of Jaffna tobacco at the prevailing rate of sale. It has been conceded generally by the representatives of the people and the Government, that tobacco is an unavoidable necessity of the poor and I do not see why at this juncture this four annas should be levied on the Jaffna tobacco. It will be more in the fitness of things if the Government will be prepared to reduce the rate that has now been imposed. Then sales tax can in a way justified. Apart from that the ground for the imposition of this sales tax is said to be based on the recommendations of the Krishnamachari Committee, which advocated the imposition of varying rates of sales tax in the place of custom duty. They said the matter may be explored. It is a suggestion thrown out by that Committee to the States whose financial position was hit by the loss incurred on account of the abolition of Inland customs. That is

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. S. Nataraja Pillai]

a problem that has to be tackled in a better form and not by imposing any additional sales tax at random. But the States which have developed their financial structure on customs duty have to explore the possibilities of putting varying rates of sales tax, on various articles of import and export. Here you have singled out a certain article. That article itself is not a luxury. The burden of that tax falls upon the consumer, one of the very bad effects of the sales tax. This tax is imposed not on the capacity of the tax payor but on the necessity of the consumer. The poor man has to buy from the retailer. If he is a rich man he will buy from the wholesaler. So, the burden is greater to the poor man. That being the case there is no justification, and no argument that could hold water has been placed before the House, for imposing this tax at this rate. Sir, we are getting license fees, then there is the excise duty, then the sales tax comes in. In answer to an interpellation, it was stated that the license fee is charged on the other side and here also there are two kinds of license fees. Then, there is the sales tax, and the Corporation tax. So, a man dealing in this article has to bear six different taxes. Then you are making discriminatory taxation. It is not just or warranted by the economic conditions of the country. It was said during the course of the Finance Minister's speech that as a result of the financial integration we are losing a good slice of our revenue. It was said that Income Tax to a certain extent would go. It is not an absolute loss. We are entitled for a share of Income Tax. What we have lost or what we have failed to guarantee or safeguard is, the loss of revenue by the immediate abolition of the land custom. I belive that if proper steps had been taken we could have taken advantage of the provision to retain our special taxes for ten years so as to stabilise our financial structure. It is a known fact that Saurashtra still retains land customs. But when two States, one having land customs and another not having it are integrated, we have to do away with land customs. So this loss of revenue is not due to the financial integration with the centre but is a consequence of the integration of these two States.

Now where are we? It is true there is some defict in our budget. But according to my calculation, this rate of sales tax will yield something more than one crore of rupees. According to me 18,000 candies of tobacco at a price of Rs. 800 per candy is imported into the State. At present we are levying only a 20% ad valorem duty on cigarettes. From the figures published by the Travancore Government in the 'Accounts relating to Seaborne and Landborne Trade', which is only for nine months, we find that cigarette worth nearly 16 lakhs of rupees is imported into Travancore alone. Tobacco was subjected to heavy customs duty under the old rules, but other articles were also subjected to duty according to varying rates. Though it is given in the Memorandum that tobacco, raw and manufactured, worth about two crores of rupees is imported annually into the Travancore, on a calculation I find it must be somwhere about three crores of rupees. By imposing Sales tax, now, they should not make a revenue of more than 67 lakhs, which was the revenue from Land Customs. If that be so, this rate of 4 annas is absolutely unjustifiable which if enforced will yield more than a crore every year. I hope the Hon'ble Finance Minister will consider this aspect and agree to a reduction in the rate of this poorman's necessity. It was said here that tobacco is the poor man's solace in life. If you look into the report published by the Excise Department, you will see it stated that two-thirds of the population consume on an average two pounds of tobacco per annum. If we take the population of Travancore-Cochin to be 84 lakhs, follows that nearly 60 lakhs of people consume two pounds of tobacco per annum. This two pounds cost nearly six rupees. In otherwords, they will have to pay Rs. 1½ per annum per head on account of this tax. This will amount to

LIBRARY ARCHIVES Kerala Legislative Assembly

Rs. 90 lakhs, which is far in excess of the anticipations of the Finance Minister. Is it necessary to impose such a heavy tax which hits the poor man. It was conceded that tobacco is more or less a necessity. Therefore I would earnestly plead that Government should consider these matters and revise the rate of tax so as to recoup only the loss sustained by the abolition of the land custom.

ശ്രീ. എ. ജെ. ജാൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ബഹു. മെമ്പർ ശ്രീ. നടരാജപിള്ള ഇവിടെ ഉന്നയിച്ചതു് ഇപ്പോൾ ഒരുരൂപായ്ക്കു് നാലെമുക്കൽ അണ നികുതിവരുമെന്നാണു്. ഇതിനുമുൻപു ശ്രീ. ശിവരാമപിള്ളയുടെ ഒരു ചോദ്യത്തിനുത്തരമായി ഞാൻ പ്രസ്താവിച്ചതു് ഇപ്പോൾ നിലവിലിരിക്കുന്ന സെയിൽടാക്സു് മുക്കാൽ അണയോളം വരുമെന്നാണു്. അതു്.....

Sri. P. S. Nataraja Pillai: May I invite the Hon'ble member to Section 3 Clause (2) of the Act, wherein it is provided that "Subject as aforesaid, the sale of any of the goods mentioned below shall be subject to a tax at the rate specified in respect thereof, at such single point in the series of sales by successive dealers as may be prescribed; and the tax shall be paid by the dealer concerned on his turnover in each year relating to such goods, and shall be in addition to the tax to which he is liable under sub-section (1) on his total turnover for the year."

ശ്രീ. എ. ജെ ജാൺ: സെക്ഷൻ സ-ൽ ഗവമ്മെണ്ടു അതിനു പഴവ്വർ കൊടുത്തിട്ടുണ്ടു്. അതിങ്ങനെയാണു്.

"Government may, by notification in the Gazette, make an exemption or reduction in rate, in respect of any tax payable under this Act.".

അതനുസരിച്ചു് ഞാൻ പ്രസ്താവിച്ചതു് മുക്കാൽഅണയുടെ കാര്യം ഗവമ്മെണ്ടു വളരെ അനുഭാവപൂർവം ആലോചിക്കാമെന്നാണു്. ബാക്കിയുള്ളതു് നാലണയാണു്. രണ്ടണയാക്കിയാൽ ഗവമ്മെണ്ടു പ്രതീക്ഷിക്കുന്നതിൽനിന്നും വളരെയധികം തുക കുറയും. രണ്ടണയാക്കിയാൽ ഇപ്പോൾ വിചാരിച്ചിരിക്കുന്നതിന്റെ പകുതിപോലും കിട്ടുമോയെന്നു് സംശയമാണു്. ഇവിടെ മാത്രമേ ജാഫ്നാപുകയില അധികമായി ഉപയോഗിക്കുന്നുള്ളുവെന്നും അതുകൊണ്ടാണു് ഇൻഡ്യാ ഗവമ്മെണ്ടു സൗജന്യം അനുവദിച്ചിരിക്കുന്നതെന്നും പറയുകയുണ്ടായി. ഇൻഡ്യയിലുള്ള പല സ്ഥലങ്ങളിലും ഈ പുകയില ഉപയോഗിക്കുന്നുണ്ടായിരിക്കും. ഇത്രവളരെ ഡ്യൂട്ടി വാങ്ങുന്നതു ഇൻഡ്യയിലെ പല ഭാഗങ്ങളിലും ഈ പുകയില ഉപയോഗിക്കുന്നതുകൊണ്ടായിരിക്കും. പക്ഷെ ഇവിടെയുള്ള പുകയിലക്കു് ഒരു പ്രൊട്ടക്ഷൻ കൊടുക്കുന്നതിനുകൂടിയായിരിക്കാം. അതുതന്നെയുമല്ലാ ഈ ഗവമ്മെണ്ടു ഇൻഡ്യയിലെപ്പോലെ ഇവിടെയും ഡ്യൂട്ടി ഏർപ്പെടുത്തുകയാണെങ്കിൽ ജനങ്ങളുടെ പ്രതിഷേധം ഉണ്ടാകുമെന്നു് ഇൻഡ്യാഗവമ്മെണ്ടിനെ അറിയിച്ചതിന്റെ ഫലമായിട്ടാണു്, ഈ സൗജന്യം നമുക്കുകിട്ടിയതു്.

ലാൻഡ്കസ്റ്റംസു് നിറുത്തൽ ചെയ്യുന്നുസംബന്ധിച്ചും ശ്രീ. നടരാജപിള്ള പ്രസ്താവിക്കയുണ്ടായി. ഭരണഘടനയ്ക്കു് വിധേയമായിട്ടാണു ലാൻഡ്കസ്റ്റംസു് നിറുത്തൽ ചെയ്യുന്നു. തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ചുവോടെ അതിനിടക്കു് ഒരു കസ്റ്റംസ്ഹൗസു് പാടില്ലെന്നുവന്നു. ഒരു സ്റ്റേറ്റിന്റെ മദ്ധ്യത്തിൽ കസ്റ്റംസ്ഹൗസു് അനുവദിക്കുന്നതു് ശരിയല്ല. എങ്കിലും ലാൻഡ് കസ്റ്റംസു് നിറുത്തുന്നതിനുമുമ്പായി ഇൻഡ്യാ ഗവമ്മെണ്ടിൽ നിന്നും അതിലേക്കു് എന്തെങ്കിലും സൗജന്യം കിട്ടണമെന്നും പറഞ്ഞു് കൊച്ചിയുടെ അതിർത്തികളിലേക്കു് കസ്റ്റംസ്ഹൗസസ്. മാറുകയുണ്ടായി. അങ്ങനെ മാറിയതുവോടെ ഇൻറർപോർട്ടൽ ട്രേഡ്കൺവൻഷൻ അനുസരിച്ചു് തിരുവിതാംകൂറിനുമാത്രമേ കസ്റ്റംസു് പിരിക്കുന്നതിനുള്ള അവകാശമുള്ളു എന്നും അതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. J. John]

കൊച്ചിയുടെ അതിർത്തികളിൽ കസ്റ്റംസ്‌ഹൗസ് അനുവദിക്കാൻ നിവൃത്തി യില്ലെന്നും ഇൻഡ്യാഗവൺമെണ്ടു പറയുകയുണ്ടായി. കൊച്ചിക്ക് ഇൻറർപോർട്ടൽ കൺവൻഷൻ അനുസരിച്ച് കസ്റ്റംസ് പിരിക്കുന്നതിനുള്ള അവകാശമുണ്ടാ യിരുന്നില്ല.

കഴിഞ്ഞ സെപ്റ്റംബർ ഫ 9–ാം തീയതി ആയിരുന്നു ഇതിനെ സംബ ന്ധിച്ച് ഈ ഗവൺമെണ്ടു് ശക്തിയായി വാദംനടത്തിയതു്. ഈ കാര്യങ്ങളൊന്നും വാദിക്കാതെ വിടുകയല്ലാ ചെയ്തതു്. ഞാൻ ഇതുവരെ പ്രസ്ഥാവിച്ചതു ഈ ഡ്യൂട്ടിയെ അടിസ്ഥാനമാക്കിയാണു്. എന്നാൽഈ കഴിഞ്ഞ കൊല്ലത്തിൽ തിരു വിതാംകൂറിലും കൊച്ചിയിലും പുകയില വ്യാപാരം ലേലം ചെയ്തയാണു ചെയ്ത തു്. ഇന്നു് അതിൽനിന്നും പ്രതീക്ഷിക്കുന്നതു് വള ലക്ഷം രൂപയാണു്. ഏഴരമാ സത്തെ വിവരമാണു് ഞാൻ ആദ്യമേ പറഞ്ഞതു്. അതു് ഏകദേശം ന്യ ലക്ഷം രൂപാ കിട്ടുമെന്നുള്ളേശിക്കാം. എന്നാൽ ഈ ഭേദഗതിയനുസരിച്ചു് ഇന്നു് ലേലം ചെയ്ത അവസരത്തിലുള്ളതിനേക്കാൾ വരവു കുറയുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment No. 8 moved by Sri. Kumaran Asari was put and lost.

Mr. Speaker: Amendments Nos. 5, 7 and 9 are for the reduction of 4 annas to half an anna, amendment No. 11 is for reducing it to quarter of an anna, and amendments Nos. 12 and 13 to reduce it to one anna. In view of the verdict of the House on the proposed amendment to reduce the amount to two annas I don't think any purpose will be served by taking up these amendments for discussion. I shall put Clause 3 to vote.

The question that Clause 3 stand part of the Bill was put and carried.

The Clause was added to the Bill.

Clause 1

The question that Clause 1 with the Title stand part of the Bill was put and carried.

The Clause was added to the Bill.

Preamble

The question that the Preamble stand part of the Bill was put and carried.

The preamble was added to the Bill.

Sri. A. J. John: I move that the Bill be passed.

Sri. T. K. Narayana Pillai: I second it.

The motion was carried and the Bill was passed.

The Travancore-Cochin Temple Entry (Removal of Disabilities) Bill—(*contd.*)

Chief Minister **[Sri. T. K. Narayana Pillai]:** Sir, with your permission, I want to move an amendment which is consequential upon the acceptance by the House yesterday, of an amendment moved by an hon'ble member, namely,

"In clause 10, para 2, line 1 delete the word 'in' and substitute the word under'."

LIBRARY ARCHIVES Kerala Legislative Assembly